

# അരൂർമുഴി സെന്റ് പോൾ ഇടവക

ഏകദേശം 45-50 വർഷങ്ങൾക്കുമുമ്പ് പരിയാരം പഞ്ചായത്തിലെ 7-ാം വാർഡായിരുന്നു (തുമ്പൂർമുഴി മുതൽ മലക്കപ്പാറ വരെ) ഇപ്പോഴത്തെ വെറ്റിലപ്പാറ പഞ്ചായത്ത്. അന്ന് തൃശ്ശൂർ രൂപതയുടെ കീഴിലായിരുന്ന പരിയാരം സെന്റ് ജോർജ്ജ് പള്ളിയും തൂമ്പാക്കോട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയും കഴിഞ്ഞാൽ മലക്കപ്പാറ വരെ മറ്റ് പള്ളികളൊന്നും ഇല്ലായിരുന്നു. പെരിങ്ങൽകുത്ത് ഡാം പണിയോടനുബന്ധിച്ച് കെ.എസ്.ഇ.ബി.യിലും മറ്റും ജോലിക്കെത്തിയിരുന്ന ക്രിസ്തുമത വിശ്വാസികളുടെ വരവോടുകൂടി വരാപ്പുഴ ലത്തീൻ അതിരൂപതയുടെ കീഴിൽ ഒരു കൊച്ചുപള്ളി പെരിങ്ങൽകുത്തിൽ നിലവിൽ വരികയും അവിടെ ഞായറാഴ്ചകളിൽ വി.കുർബാന അർപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

## ആരംഭം ചിക്ലായിയിൽ (വെറ്റിലപ്പാറ)

ഈ കാലഘട്ടത്തിൽത്തന്നെ വെറ്റിലപ്പാറയിൽ, രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാരിൽ കുറച്ചുപേർക്ക് സർക്കാർ സൗജന്യമായി ഭൂമി നല്കിയതിനാൽ കുറെ ക്രിസ്ത്യാനികൾ വെറ്റിലപ്പാറയിൽ സ്ഥിരതാമസമാക്കി. കൂടാതെ ചിക്ലായി - അരൂർമുഴി ഭാഗത്ത് സർക്കാർ വക സ്ഥലം ലേലം ചെയ്ത് വാങ്ങിയതിൽ കുറച്ചു കുടുംബക്കാരും സ്ഥിരതാമസമാക്കിയിരുന്നു. 1961-ൽ കാലടി പ്ലാന്റേഷൻ കോർപറേഷന്റെ കീഴിൽ റബ്ബർ കൃഷി ആരംഭിച്ചതിന്റെ പേരിൽ വെറ്റിലപ്പാറയിലും പരിസരപ്രദേശങ്ങളിലും ക്രിസ്ത്യാനികളായ തൊഴിലാളികളുടെ സംഖ്യ കൂടിവന്നു. അങ്ങനെ 1961-ൽ ദാനമായി ലഭിച്ച സ്ഥലത്ത് രൂപതയുടെ കീഴിൽ ചിക്ലായി ഭാഗത്ത് സെന്റ് പോൾസ് ദേവാലയം സ്ഥാപിച്ചു. പള്ളി പണിയുന്നതിനുള്ള എല്ലാചെലവും തൃശ്ശൂർ രൂപതയാണ് വഹിച്ചത്. അതിന്റെ ആശീർവാദ കർമ്മം റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. തൂമ്പാക്കോട് പള്ളി വികാരിയെ നടത്തിപ്പിന് ഏല്പിച്ചു. ഞായറാഴ്ചകളിൽ ഉച്ച കഴിഞ്ഞ് 4 മണിക്ക് തൂമ്പാക്കോട് നിന്ന് വൈദികൻ വന്ന് ദിവ്യബലി അർപ്പിച്ചിരുന്നു.

## അരൂർമുഴി പള്ളി

ഇതിനിടയിൽ പ്രകൃതിക്ഷോഭം മൂലം പള്ളിയുടെ മുൻഭാഗം ഇടിഞ്ഞുവീണു. അങ്ങനെ കുറെനാൾ വി. കുർബാന മുടങ്ങി. പിന്നീട് പള്ളിയുടെ കേടുപാടു

കൾ തീർത്ത് കുർബാനഅർപ്പണം തുടങ്ങി. ഈ കാലഘട്ടത്തിൽ വേദപാഠക്ലാസ്സുകളോ മറ്റ് യാതൊന്നും ഇവിടെ നടത്തിയിരുന്നില്ല. 1971-72 കാലഘട്ടത്തിൽ തൂമ്പാക്കോട് വികാരിയായി ബഹു. ജോസഫ് പടമാടൻ അച്ചന്റെ വരവോടുകൂടിയാണ് ചിക്ലായി പള്ളിക്കാർക്ക് ഒരു ഉണർവുണ്ടായത്. റോഡുഗതാഗത സൗകര്യമുള്ള സ്ഥലത്തേക്ക് പള്ളിമാറ്റി സ്ഥാപിക്കണമെന്ന ആശയം വന്നു. അതനുസരിച്ച് ചിക്ലായി പള്ളി പൊളിച്ച് അരൂർമുഴിയിലേക്ക് മാറ്റുകയും ചെയ്തു. സമുദായക്കാർ അരൂർമുഴിയിൽ വാങ്ങിയ 70 സെന്റ് സ്ഥലത്താണ് പള്ളിപണിതത്.

ചിക്ലായിപള്ളി പൊളിച്ചതുകാരണം പുതിയ സ്ഥലത്ത് താത്ക്കാലികമായി ഒരു ഷെഡ് കെട്ടി ചാണകം മെഴുകി അതിലാണ് വി. കുർബാന അർപ്പിച്ചിരുന്നത്. പഴയ പള്ളി പൊളിക്കുന്നതിനും, പുതിയ പള്ളിക്ക് സ്ഥലം വാങ്ങുന്നതിനും, പള്ളി പണിയുന്നതിനും ഇടവകക്കാർക്കു പുറമെ ലത്തീൻ റീത്തിൽ പെട്ടവരും ഹിന്ദുക്കളും മറ്റു നാട്ടുകാരും, തോട്ടം തൊഴിലാളികളും വളരെ നല്ല സഹകരണം നല്കിയിരുന്നു. 1973 ഒക്ടോബർ 21-ന് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് അരൂർമുഴി പള്ളിയുടെ ആശീർവാദകർമ്മം നടത്തി. തൂമ്പാക്കോട് പള്ളിയുടെ കുരിശുപള്ളിയായിരുന്നു അരൂർമുഴി. പള്ളിയുടെ കീഴിൽ പുരാതനമായ സെന്റ് മേരീസ് കപ്പേളയും യഥാകാലം നിർമ്മിതമായി. ക്രമേണ മതബോധനവും വിവിധ സംഘടനകളും ആരംഭിച്ചു.

## സ്ഥിരതാമസമുള്ള വികാരി

അരൂർമുഴി പള്ളി നിലവിൽ വന്നശേഷവും എല്ലാ ദിവസവും വി. കുർബാന ഉണ്ടായിരുന്നില്ല. കുറച്ചു നാൾ കഴിഞ്ഞതിനുശേഷം റവ. ഫാ. ചാക്കോ ഇടയാൽ ആണ് 1973-ൽ ആദ്യമായി ഇവിടെ സ്ഥിരതാമസമാക്കിയത്. പുതിയ പള്ളി പണികഴിപ്പിച്ച അവസരത്തിൽത്തന്നെ ചെറിയൊരു വൈദികമന്ദിരവും നിർമ്മിച്ചിരുന്നു. അന്ന് വൈദ്യുതി കണക്ഷൻ തുടങ്ങിയ സൗകര്യങ്ങളൊന്നും ഇല്ലായിരുന്നു. 1978 ജൂലായ് 23-ാം തിയ്യതിയാണ് അരൂർമുഴി പള്ളിയെ തൂമ്പാക്കോട് നിന്ന് വേർപ്പെടുത്തി ഒരു സ്വതന്ത്ര ഇടവകയാക്കിയത്. റവ. ഫാ. ജോൺ ബോസ്കോ കവലക്കാട്ട് സി. എം. ഐ. ആയിരുന്നു പ്രഥമ വികാരി.



സെന്റ് മേരീസ് കപ്പേള

## കോൺവെന്റ്



ഹോളി എയ്ഞ്ചൽസ് കോൺവെന്റ്

1980-ൽ കർമ്മലീത്ത സന്യാസിനീസമൂഹത്തിന്റെ ഒരു ഭവനം - ഹോളി എയ്ഞ്ചൽസ് കോൺവെന്റ് - ഈ ഇടവകയിൽ ആരംഭിച്ചു. അതിന്റെ കീഴിൽ 1989 മുതൽ എൽ.പി. സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്.

## പുതിയ ദേവാലയം

വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ദേവാലയം പുനർനിർമ്മിക്കുക എന്ന ആശയം മുന്നോട്ട് വന്നു. ഇപ്രകാരം പുതിയ ദേവാലയത്തിന്റേയും വൈദിക മന്ദിരത്തിന്റെയും കല്ലിടൽ ചടങ്ങ് ബഹു. ബെന്നി ചെറുവത്തൂർ അച്ചന്റെ കാലത്ത് 2001 ജൂലായ് 1-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു. സാമ്പത്തികക്ലേശംമൂലം പണികൾ മന്ദഗതിയിലായിരുന്നു. 2006-ൽ ഒരുവിധം പൂർത്തീകരിച്ചു. 2007 ജനുവരി 19 വെള്ളിയാഴ്ച 2.30-ന് പുതിയ ദേവാലയത്തിന്റെ ആശീർവാദകർമ്മം മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു. ബഹു. പീറ്റർ കാച്ചപ്പിള്ളിയച്ചനായിരുന്നു അന്ന് വികാരി. 8 കുടുംബയൂണിറ്റുകളിലായി 200 കുടുംബങ്ങളാണ് അരൂർമുഴി ഇടവകയിൽ ഉള്ളത്. രൂപതയുടെ ഒരു എസ്റ്റേറ്റ് ഇടവകയുടെ പരിധിയിൽ പെടുന്നു. ബഹു. സീമോൻ കാഞ്ഞിത്തറയച്ചനാണ് ഇപ്പോഴത്തെ വികാരി.



പഴയ പള്ളി

## പള്ളിക്ക് രൂപം നല്കിയവർ

റവ. ഫാ. ജോസഫ് പടമാടൻ - സ്ഥാപകൻ (1972-76), റവ. ഫാ. സൈമൺ എടക്കളത്തൂർ (1976-78), റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽ (1978-79).